Rao Bahadur T. K. Nayar *(Minister for Public Health)* :

(*a*) Yes.

(*b*) The malaria specific administered has successful effect; out of the 76 patients treated at Vadakkancheri and outlying villages 72 were got cured this year.

SALARIES OF SAMPRATHIES

226. മിസ്റ്റർ എം. കെ വള്ളീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി നൽകുമോ —

(എ) സമ്പ്രതിമാരുടെ ശമ്പളഗ്രേഡ് എത്ര;

(ബി) ജോലി കൂടുതൽ പ്രമാണിച്ച് അവർക്ക് എന്തെങ്കിലും ശമ്പളക്കൂടുതലോ അലവൻസോ അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

(എ) കൊച്ചികണയന്തൂർ, തൃശ്ശിവപേരൂർ } വ 0 — ഫ 0 0

മുകുന്ദപുരം, കൊടുങ്ങല്ലൂർ, തലപ്പിള്ളി, ചിറ്റൂർ } ന 0 — വ 0

(ബി) ഇല്ല. ജോലി കൂടുതൽ പ്രമാണിച്ച് കൊച്ചികണയന്തൂരും തൃശ്ശിവപേരൂരും ട്ടിഷറികളിൽ പുതിയ മാരുടെ തസ്തികകൾ (ന 0 — വ 0) ഉണ്ടാക്കിയിട്ടുണ്ട്.

HIGH COURT BUILDINGS—LOCATION OF

227. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ഹൈക്കോടതിക്കുള്ള കെട്ടിടങ്ങൾ മിലിട്ടറി ആശുപത്രി സ്റ്റാഫ് കാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന മൈതാനത്തുതന്നെയാണൊ പണിയാനുദ്ദേശിക്കുന്നത്;

(ബി) ഈ കെട്ടിടനിർമ്മാണകാര്യവും സ്ഥലവും തീരുമാനമായോ;

(സി) പണി എന്നുമുതൽക്ക് ആരംഭിക്കും?

റാവുസാഹിബ് കെ. അയ്യപ്പൻ :

(എ) & (ബി) ഇക്കാര്യം ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണ്.

(സി) മുൻ ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

ST. THOMAS COLLEGE—HINDU HOSTEL

228. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) സെൻറ് തോമസ്സ് കോളജിനോട് ചേർന്നുള്ള ഹിന്ദു ഹോസ്റ്റലിൽ അവർണ്ണ സമുദായങ്ങളിൽ പെട്ടിട്ടുള്ളവർക്ക് പ്രവേശനമുണ്ടോ;

(ബി) അവർണ്ണർക്ക പ്രവേശനം അനുവദിച്ചിട്ടില്ലെങ്കിൽ അതിനു പ്രത്യേക കാരണമെന്ത്;

(സി) ആ ഹോസ്റ്റൽ "കോസ്മോപൊളിറ്റൻ" ആക്കണമെന്ന് അധികാരികളോട് അഭ്യർത്ഥിക്കുന്നതായ പ്രമേയം ഹോസ്റ്റലിന്റെ കഴിഞ്ഞ വാർഷികസമ്മേളനത്തിൽ വിദ്യാർത്ഥികൾ പാസ്സാക്കുകയുണ്ടായോ;

(ഡി) ഉണ്ടായെങ്കിൽ അധികാരപ്പെട്ടവർ അക്കാര്യത്തിൽ എന്തുചെയ്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉണ്ട്.

(ബി) (എ) ചോദ്യത്തിന്റെ ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

(സി) അറിവില്ല.

(ഡി) (സി) ചോദ്യത്തിന്റെ ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly